# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മരുതറോഡ് ഗ്രാമപഞ്ചായത്ത് - അപ്ലൈഡ് സയൻസ് കോളേജിനായി മലമ്പുഴ 2-ാം വില്ലേജിലെ വിവിധ റീസർവ്വേ നമ്പരുകളിൽപ്പെട്ട 2 ഏക്കർ 15 സെന്റ് സ്ഥലം സൗജന്യമായി ഐ.എച്ച്.ആർ.ഡിയ്ക്ക് കൈമാറൽ - അനുമതി നൽകി ഉത്തരവാകുന്നു.

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 3508/2008/ത.സ്വ.ഭ.വ.    തീയതി, തിരുവനന്തപുരം, സെപ്റ്റംബർ 26, 2008.

പരാമർശം: 1. 07-03-2008-ലെ സ.ഉ. (സാധാ) നം. 386/2008/ഉ.വി.

2. മരുതറോഡ് ഗ്രാമപഞ്ചായത്തിന്റെ 23-01-2008-ലെ 07/08 (7) -ാം നമ്പർ തീരുമാനം.

പഞ്ചായത്ത് ഡയറക്ടറുടെ 19-08-2008-ലെ സി.2-16199/08 നമ്പർ കത്ത്.

### ഉത്തരവ്

പാലക്കാട് ജില്ലയിലെ മലമ്പുഴയിൽ അപ്ലൈഡ് സയൻസ് കോളേജ് ആരംഭിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി ലഭ്യമാവുകയും ആയതിനായി ഐ.എച്ച്.ആർ.ഡി. ഡയറക്ടർ മരുതറോഡ് ഗ്രാമപഞ്ചായത്തിനോട് സ്ഥലം ആവശ്യപ്പെടുകയും ചെയ്ത സാഹചര്യത്തിൽ, ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും പാലക്കാട് താലൂക്കിൽ മലമ്പുഴ 2-ാം വില്ലേജിൽ കൊട്ടേക്കാട് ദേശത്ത് ബ്ലോക്ക് നമ്പർ 38-ൽ റീസർവ്വേ 275/1, 275/2 എന്നിവയിൽപ്പെട്ടതുമായ 2 ഏക്കർ 15 സെന്റ് സ്ഥലം സൗജന്യമായി ഐ.എച്ച്.ആർ.ഡിയ്ക്ക് കൈമാറാൻ മരുതറോഡ് ഗ്രാമപഞ്ചായത്ത് പരാമർശം (2) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രൈമറി ഹെൽത്ത് സെന്ററിനോട് ചേർന്നടി സ്ഥലം 30 വർഷങ്ങൾക്കു മുമ്പ് ലക്ഷം വീട് പദ്ധതിയ്ക്കും പ്രൈമറി ഹെൽത്ത് സെന്ററിനുമായി പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ളതാണെന്നും ലക്ഷംവീട് പദ്ധതിയിൽ 5 വീടുകൾ പണിതെങ്കിലും താമസക്കാരായി ആരും വരാതിരുന്നതിനാൽ ഇവ കേടവന്ന് നിലംപൊത്തുകയാണുണ്ടായതെന്നും ഇപ്പോൾ സമീപവാസികൾ സ്ഥലം കയ്യേറി അന്യാധീനപ്പെടുത്തുവാനുള്ള സാഹചര്യം നിലനിൽക്കുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(മറുപുറം)

(2) ഈ സാഹചര്യത്തിൽ പരാമർശം (2)-ലെ പഞ്ചായത്ത് തീരുമാനത്തിന്റേയും പരാമർശം (3)-ലെ പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടേയും അടിസ്ഥാനത്തിൽ അപ്ലൈഡ് സയൻസ് കോളേജ് ആരംഭിക്കുന്നതിനായി പാലക്കാട് താലൂക്കിൽ മലമ്പുഴ 2-ാം വില്ലേജിൽ കൊട്ടേക്കാട് ദേശത്ത് ബ്ലോക്ക് നമ്പർ 38-ൽ റീസർവ്വേ 275/1, 275/2 എന്നിവയിൽപ്പെട്ട 2 ഏക്കർ 15 സെന്റ് സ്ഥലം സൗജന്യമായി ഐ.എച്ച്.ആർ.ഡിയ്ക്ക് കൈമാറുന്നതിന് താഴെ പറയുന്ന നിബന്ധനകളുടെയടിസ്ഥാനത്തിൽ മരുതറോഡ് ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) പ്രസ്തുത സ്ഥലം നിർദ്ദിഷ്ട ആവശ്യത്തിനായി മാത്രമേ ഉപയോഗിക്കാവൂ;

(ii) ഏതെങ്കിലും കാരണവശാൽ ഈ പദ്ധതി തടസ്സപ്പെട്ടാൽ സ്ഥലം തിരികെ പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കും;

(iii) സ്ഥലം കൈമാറ്റവുമായി ബന്ധപ്പെട്ട് 2000-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ വ്യവസ്ഥകൾ കർശനമായി പാലിച്ചിരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

റ്റി.ശ്യാമളകുമാരി,
ഡെപ്യൂട്ടി സെക്രട്ടറി.

To

സെക്രട്ടറി, മരുതറോഡ് ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല.

ജില്ലാ കളക്ടർ, പാലക്കാട്.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.